ബൈബിൾ ചിത്രകഥ - 38

# ദൈവപുത്രൻ



# ദൈവപുത്രൻ

തന്റെ പരസ്യജീവിതത്തിന്റെ ആദ്യഭാഗം ഗലീലിലിലാണ് യേശു ചിലവഴിച്ചത്. രോഗ ശാന്തി നേടാനും ദൈവവചനം കേൾക്കാനു മായി അനേകായിരങ്ങൾ അവനു ചുറ്റും തിങ്ങികൂടി. അത്ഭുത പ്രവർത്തനങ്ങളും പരസ്യമായ പ്രസംഗങ്ങളും വഴി യേശു അവരോടു ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചു. ഈ സുവിശേഷ വേലയിൽ അപ്പസ്തോലന്മാരും പങ്കുചേർന്നപ്പോൾ യേ ശുവിന്റെ കീർത്തി പാലസ്തീനായിലെങ്ങും പ്രചരിച്ചു "ഗലീലിയിലെ വസന്തം" എന്ന

പേരിൽ അറിയപ്പെടുന്നു. എന്നാൽ ജനക്കൂട്ടത്തിന്റെ വിശ്വാസത്തിന് ആഴമില്ലായിരുന്നു.

ദൈവം സ൱ജന്യമായി നൽകുന്ന ദാനത്തിന് യേശുവിന്റെ വാക്കനുസരിച്ചുള്ള പുതിയ ജീവിതത്തിലൂടെ പ്രത്യുത്തരം നൽകാൻ അധികമാരും തയ്യാറായില്ല. ജനത്തിന് ആവശ്യം രോഗശാന്തിയും വയറു നിറയെ ആഹാരവുമായിരുന്നു. ആഴമേറിയ വിശ്വാസത്തിലേക്കും ജീവിതപരിവർത്തനത്തിലേക്കും യേശു അവരെ ക്ഷണിച്ചപ്പോൾ അധികം പേരും അവനെ ഉപേക്ഷിക്കാനാണു തീരുമാനിച്ചത് അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചു

കിട്ടിയപ്പോൾ യേശുവിനെ രാജാവാക്കാൻ ശ്രമിച്ചവർ നിത്യജീവന്റെ അപ്പത്തെക്കുറിച്ചു കേട്ടപ്പോൾ അതു ഭ്രാന്തായി കരുതി.

ജനക്കൂട്ടം മാത്രമല്ല ശിഷ്യന്മാരും യേശുവിന്റെ മുമ്പിൽ തീരുമാനമെടുക്കാൻ നിർബന്ധിതരായി. അനേകർ അവനെ വിട്ടു പോയി. യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കേട്ട ഹേറോദേസ് യേശുവിനെ വധിക്കാനുള്ള മാർഗങ്ങൾ ആലോചിച്ചു. മതാധികാരികൾ താങ്ങളുടെ ഉപജാപങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി. അങ്ങനെ ഗലീലിയിലെ പ്രവർത്തനങ്ങൾ ഒരു പ്രതിസന്ധിയിലെത്തി. യേശു

വിന്റെ വഴിയിൽ കുരിശിന്റെ നിഴൽ കൂടുതൽ വ്യക്തമായി.

ഈ പ്രതിസന്ധിക്കു മദ്ധ്യേ രണ്ടു സംഭവങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പത്രോസിന്റെ വിശ്വാസപ്രഖ്യാപനവും യേശുവിന്റെ രൂപാന്തരീകരണവും. യേശുവിന്റെ ചോദ്യത്തിനു മറുപടിയായി, അപ്പസ്തോലന്മാരുടെ പ്രതിനിധി എന്ന നിലയിൽ പത്രോസ് യേശുവിനെ ദൈവപുത്രനും ക്രിസ്തുവുമായി ഏറ്റുപറഞ്ഞു. □ത് ക്രിസ്തുവിന്റെ സഭയുടെ വിശ്വാസ പ്രഖ്യാപനമാണ്. ഈ വിശ്വാസമാണ് അപ്പസ്തോലന്മാരെയും അവരുടെ മേൽ

പണിയപ്പെട്ട സഭയെയും നയിക്കുന്നത്. ദൈവം തന്നെ പത്രോസിനു വെളിപ്പെടുത്തിയതാണ് ഈ സത്യം എന്ന് അപ്പസ്തോലന്മാർക്കുറപ്പു നൽകിയതിനു ശേഷം യേശു അവരുടെ വിശ്വാസത്തെ ഒരു പടി കൂടി മുന്നോട്ടു ക്ഷണിച്ചു. എന്നാൽ അനിവാര്യമായ പീഡാസഹനത്തെ സ്വീകരിക്കാൻ ശിഷ്യന്മാർ ഒരുക്കമായിരുന്നില്ല.

പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തെയും പീഡാസഹനത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രവചനത്തെയും ദൈവം തന്നെ സ്ഥിരീകരിക്കുന്നതാണു രൂപാന്തരീകരണം. ദൈവപു

ത്രനായ യേശുവിന്റെ വാക്കു കേൾക്കുകയും കുരിശിന്റെ വഴിയിൽ അവനെ അനുഗമിക്കുകയും ചെയ്യാൻ തയ്യാറാകണം എന്ന് സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ ദൈവത്തിന്റെ സ്വരം അവരോട് ആജ്ഞാപിച്ചു. പഴയനിയത്തിന്റെ മുഴുവൻ പ്രതിനിധികളായി മോശയും ഏലിയായും രക്ഷാചരിത്രം യേശുവിൽ പൂർത്തിയാകുന്നുവെന്നു സാക്ഷ്യം വഹിച്ചു. അത്ഭുത പ്രവർത്തന ങ്ങളിലൂടെ എന്നതിനേക്കാൾ പീഡാസനത്തിലൂടെയാണ് യേശുവിന്റെ വ്യക്തിത്വം വെളി വാകുന്നത്. പീഡാസഹനത്തിൽ നിന്നൊഴിഞ്ഞുമാറാൻ

ശ്രമിക്കുന്നതു പൈശാചിക പ്രലോഭനമാണ്. കുരിശിന്റെ വഴിയെ യേശുവിനെ അനുഗമിക്കുന്നവർക്കു മാത്രമേ അവനെ അറിയാനും അവൻ നൽകുന്ന രക്ഷയിൽ പങ്കുചേരാനും സാധിക്കുകയുള്ളൂ.

# ബൈബിൾ ചിത്രകഥ-36

## യേശുക്രിസ്തു -8

# ദൈവപുത്രൻ

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി

അപ്പസ്തോലന്മാർ ഈരണ്ടു പേരായി ഗലീലിയിലുടനീളം ചുറ്റി സഞ്ചരിച്ചു സുവിശേഷം പ്രസംഗിച്ചു. രോഗശാന്തി നൽകി. പത്രോസും തോമസും:




!!!
കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിനക്കു കാഴ്ച ലഭിക്കട്ടെ.


ശിമെയോനും യൂദാസും
യൂദാസ്, സഞ്ചി എടുക്കേണ്ട എന്നല്ലേ ഗുരുനാഥൻ പറഞ്ഞത്?
അത് മറ്റുള്ളവരോടാണ്. സമൂഹത്തിന്റെ പണസഞ്ചി എന്നെയാണ് ഗുരു ഏൽപ്പിച്ചിരിക്കുന്നത് എന്നറിയില്ലേ?


സ്വന്തം ആവശ്യത്തിനുവേണ്ടി പണം സമ്പാദിക്കാനല്ല. സമൂഹത്തിനുവേണ്ടി മറ്റുള്ളവർ തരുന്നതു സൂക്ഷിക്കാനാണ് ഈ സഞ്ചി.


ഞാൻ ഈ സഞ്ചി ഉപേക്ഷിച്ചാൽ കാണാം ഗുരുനാഥൻ അടക്കം എല്ലാവരും പട്ടിണി കിടക്കുന്നത്.
അതു വിശ്വാസമില്ലായ്മ യാണ്. സഞ്ചിയിലെ പണത്തിലല്ല, ദൈവത്തിന്റെ പരിപാലനയിലാണ് നാം ആശ്രയിക്കേണ്ടത് എന്നു ഗുരുനാഥൻ എത്ര തവണ പറഞ്ഞിട്ടുണ്ട്.
!


എന്നാൽ പിന്നെ ഗുരു എന്തിനാ എന്നെ പണസഞ്ചി ഏൽപ്പിച്ചത്? ശിമയോൻ, നീ ഇത്ര വിഡ്ഢിയായിപ്പോയല്ലോ.
പണം ശേഖരിക്കാനല്ല, സുവിശേഷം പ്രസംഗിക്കാനാണു ഗുരു നമ്മെ അയച്ചിരിക്കുന്നത്.


എല്ലാവരും പ്രസംഗവും കഴിഞ്ഞു തിരിച്ചെത്തുമ്പോൾ അപ്പം ചോദിക്കുന്നത് ഈ യൂദാസിനോടായിരിക്കും.


നിങ്ങളൊക്കെ സഞ്ചിയും മടിശീലയുമില്ലാതെ നടന്നു പ്രസംഗിച്ചോളൂ. പക്ഷേ, എന്നെ ഏൽപ്പിച്ചിരിക്കുന്ന ചുമതല ഞാൻ നിർവഹിച്ചേ പറ്റൂ.
!
നമ്മളെ എല്ലാവരെയും ഒരേ ദൗത്യമല്ലേ ഏൽപ്പിച്ചിരിക്കുന്നത്?


ഗുരുനാഥൻ എന്നെ ഏൽപ്പിച്ചിരിക്കുന്ന പ്രത്യേക ദൗത്യം നിനക്കു മനസ്സിലാവില്ല.
പണം സമ്പാദിക്കാൻ ഗുരു ഒരിക്കലും പറഞ്ഞില്ലല്ലോ. പറവകളുടെയും ലില്ലുകളുടെയും കഥ മറന്നോ?


കർഷകന്റെ അധ്വാനഫലം മോഷ്ടിച്ചു പറവകൾ കഴിയുന്നു. യൂദാസ് ശേഖരിക്കുന്ന കാശുകൊണ്ട് നിങ്ങളും.


യൂദാസ്, നീ ഗുരുവിന്റെ വാക്കുകൾ വളച്ചൊടിക്കുകയാണ്.
ശിമയോൻ, വാസ്തവത്തിൽ ഗുരുവിനെ നിങ്ങൾക്കാർക്കും മനസ്സിലായിട്ടില്ല. അതു പോകട്ടെ. നമുക്ക് അടുത്തു ബറാബ്ബാസിന്റെയടുത്തു പോകണമല്ലോ.
ഇല്ല യൂദാസ്, ഇനി അങ്ങോട്ട് പോകേണ്ടതില്ല


ലക്ഷ്യം മറക്കരുത്. ഇസ്രായേലിന്റെ മോചനത്തിനുവേണ്ടി ഇറങ്ങിത്തിരിച്ചവരാണ് നമ്മൾ.
ആ മോചനം ഗുരുനാഥൻ നൽകും എന്നതു തീർച്ചയാണ്.
ആ കാര്യം നമ്മുടെ കൂട്ടുകാരെ അറിയിക്കണം.


ബറാബ്ബാസിന്റെ വഴി വാളിന്റെയും രക്തചൊരിച്ചിലിന്റെയും വഴിയാണ്. ഗുരുവിന്റെ വഴി സ്നേഹത്തിന്റെയും.


നാം നമ്മുടെ ജനത്തെ സ്നേഹിക്കുന്നതു കൊണ്ടാണ് ഈ വാളെടുക്കാൻ തീരുമാനിച്ചത്. യേശു നമുക്കു നേതൃത്വം നൽകും.
ഇല്ല യൂദാസ്, ഗുരുനാഥൻ പഠിപ്പിക്കുന്ന സ്നേഹത്തിന് സ്വജാതിയെന്നും വിജാതിയെന്നും അതിരുകളില്ല.


ശിമയോൻ, നീ തൽക്കാലം ഈ ഗ്രാമത്തിൽ താമസിക്കു. രണ്ടുദിവസം കഴിഞ്ഞു  ഞാൻ മടങ്ങി വരാം.
യേശുവിന്റെയും ബറാബ്ബാസിന്റെയും മാർഗങ്ങൾ കൂട്ടിമുട്ടുകയില്ലെന്ന് നിനക്കിനിയും മനസ്സിലായില്ലേ?


മനസ്സിലാവാത്തതു നിനക്കാണ്. എനിക്ക് ചില കാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കാനുണ്ട്.
യൂദാസ്, രണ്ടിലൊന്നു തെരഞ്ഞെടുത്തേ മതിയാവൂ. ഒന്നുകിൽ യേശു അല്ലെങ്കിൽ ബറാബ്ബാസ്.


തെരഞ്ഞെടുപ്പ് ഞാൻ പണ്ടേ നടത്തിയതാണ്. ഇസ്രായേലിന്റെ മോചനം. അതിനു യേശുവും ബറാബ്ബാസും ഒന്നിക്കണം. അവരെ ഒന്നിപ്പിക്കുകയാണ് എന്റെ കടമ.




യൂദാസ്, നിന്നെ കണ്ടിട്ടു മാസങ്ങൾ പലതായല്ലോ. എന്താണു നിന്റെ ഗുരുവിന്റെ തീരുമാനം?
ആ കാര്യം ഞാൻ ഗുരുവുമായി ഇതുവരെ സംസാരിച്ചില്ല ബറാബ്ബാസ്.
സ്നാപകനെ ഒരീച്ചയെപ്പോലെ കൊന്നതുകണ്ടിട്ടും സംസാരിച്ചില്ലന്നോ?


ഹേറോദേസിനും റോമക്കാ
ർക്കും എതിരേ നമ്മുടെ
സൈന്യത്തെ നയിക്കാൻ
യേശുവിനു കഴിയുമോ? അതിന്
അവൻ തയാറാണോ?
തീരുമാനം ഉടനെ അറിയണം.


നമ്മൾ പ്രതീക്ഷിക്കുന്ന ദാവീദിന്റെ പുത്രനായ മിശിഹാ അവനാണോ എന്നാണ് അറിയേണ്ടത്.
യേശുവാണു മിശിഹാ എന്നതിൽ എനിക്ക് സംശയമില്ല. സൈന്യത്തെ നയിക്കാനുള്ള കഴിവ് അവനുണ്ട് എന്നു തീർച്ച.


ഗുരു വിരലൊന്നു ഞൊടിച്ചാൽ മതി, ആയിരങ്ങൾ അവനു  പിന്നിൽ അണിനിരക്കും. പക്ഷേ...
എന്താണിനി പക്ഷേ?
!
നമ്മുടെ അന്തിമവുമായ ലക്ഷ്യം റോമാക്കാരെ വിശുദ്ധ നാട്ടിൽ നിന്ന് തുരുത്തുകയല്ലേ?


തീർച്ചയായും. മാത്രമല്ല, വിശുദ്ധ നഗരത്തെ കേന്ദ്രമാക്കി ലോകൈക സാമ്രാജ്യം പടുത്തുയർത്തണം.
യേശുവായിരിക്കും ആ സാമ്രാജ്യത്തിലെ ചക്രവർത്തി. അതിനാൽ ഹേറോദേസിനോടു പകരംവീട്ടാൻ യേശുവിനെ ഉപയോഗിക്കാൻ പാടില്ല.


ജെറുസലേമിൽവച്ചു പെസഹാത്തിരുനാളിൽ പരിശുദ്ധ സാൻഹദ്രൻ സംഘം യേശുവിനെ രാജാവായി പ്രഖ്യാപിക്കണം. ഇസ്രയേലിന്റെ മുഴുവൻ പിന്തുണയോടെ.
ശരി, അതിനായി നമുക്കൊരുങ്ങാം. നീ യേശുവുമായി സംസാരിക്കുക. അടുത്ത കാഴ്ച ജറുസലേമിൽവച്ച്.

അപ്പസ്തോലന്മാരുടെ പ്രവർത്തനം ഗലീലിയിൽ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു. ഹേറോദേസ് രാജാവും യേശുവിനെക്കുറിച്ചു കേട്ടു.




സ്നാപകനു സംഭവിച്ചതു നിങ്ങൾ കണ്ടല്ലോ? അവൻ ഇനി എഴുന്നേല്ക്കുകയില്ല.
അവന്റെ ആത്മാവ് യേശുവിൽ പ്രവർത്തിക്കുകയാണത്രെ!


യേശുവിനെ നേതാവാക്കാൻ തീവ്രവാദികൾ ആലോചിക്കുന്നതായറിഞ്ഞു.
പക്ഷേ, യേശു അതിനു സമ്മതിക്കുമെന്ന് തോന്നുന്നില്ല.
?


എന്താണിത്ര നിശ്ചയം?
അവൻ എപ്പോഴും സമാധാനവും സാഹോദര്യവുമാണു പ്രസംഗിക്കുന്നത്.


പക്ഷേ, അധഃകൃതരുടെ ഉയർത്തെഴുന്നേൽപ്പിനായിട്ടാണ് അവന്റെ ശ്രമം മുഴുവൻ.


സകല അധികാരികൾക്കും ധനികർക്കും എതിരാണവൻ. അവന്റെ സ്നേഹവും സമാധാനവും നമുക്ക് അപകടകരമാണ്.
രോഗികൾക്ക് സൗഖ്യം നൽകുന്നതിലെന്താണിത്ര അപകടം?


ഈ നാട്ടിലെ അധഃകൃതരെല്ലാം ഒരുമിച്ച് എഴുന്നേറ്റുനിന്നാൽ തെറിക്കുന്നതു സിംഹാസനവും കിരീടവും മാത്രമല്ല, നമ്മുടെയൊക്കെ തല കൂടിയായിരിക്കും.
എന്നാൽ നമുക്ക് അവനെ ഒന്ന് കാണണമല്ലോ.


അപ്പസ്തോലന്മാർ എല്ലാവരും വലിയ സന്തോഷത്തോടെ മടങ്ങിയെത്തി.
ഞങ്ങൾ ചെന്നിടത്തെല്ലാം വലിയ സ്വീകരണമാണു കിട്ടിയത്. അത്ഭുതങ്ങളുടെ ഘോഷയാത്ര.
അങ്ങയുടെ പേരു കേൾക്കുമ്പോഴേക്കും പിശാചുക്കൾ പറപറക്കുന്നു.


ഒരൊറ്റ ദിവസം പത്തു കുരുടന്മാർക്കു ഞാൻ കാഴ്ച നൽകി.
എത്ര മുടന്തരാണു വടി വലിച്ചെറിഞ്ഞു കലമാനെപ്പോലെ തുള്ളിച്ചാടിയത്. അത്ഭുതം തന്നെ.


തിന്മയുടെ ശക്തി പരാജയ പ്പെടുന്നതു നിങ്ങൾ കണ്ടുകഴിഞ്ഞു. നിങ്ങൾ കാണുന്നവ കാണുന്ന കണ്ണു കൾ ഭാഗ്യമുള്ളവ. പ്രവാചക ന്മാരും രാജാക്കന്മാരും കാണാൻ കൊതിച്ച താണിത്.


പിശാച് നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിലല്ല നിങ്ങൾ സന്തോഷിക്കേണ്ടത്. മറിച്ച്, നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ.


സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, അങ്ങയെ ഞാൻ സ്തുതിക്കുന്നു.


എന്തെന്നാൽ അങ്ങ് ഇവ ജ്ഞാനികളിലും വിവേകികളിലും നിന്നു മറച്ചുവച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നു.


പിറ്റേന്നു പ്രഭാതത്തിൽ.
നിങ്ങൾ കഠിനമായി അധ്വാനിച്ചു. എല്ലാവരും നന്നേ ക്ഷീണിച്ചിട്ടുണ്ട്. വരുവിൻ, നമുക്ക് ഒരു വിജന സ്ഥലത്തേക്കു പോയി അല്പം വിശ്രമിക്കാം.

അവർ  വഞ്ചിയിൽ കയറി പോകുന്നതു പലരും കണ്ടു.  പലേടത്തു നിന്നും ജനങ്ങൾ  ഓടി അവർക്കുമുമ്പേ അവിടെയെത്തി.



അവരുടെ ഇടയിലുണ്ടായിരുന്ന രോഗികളെ അവൻ സുഖപ്പെടുത്തി.
അതിനുശേഷം അവരോടു ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ചു.




ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണ്. എന്നിൽ നിന്നു പഠിക്കുവിൻ. അപ്പോ ൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും.


എന്തെന്നാൽ എന്റെ നുകം
വഹിക്കാൻ എളുപ്പമുള്ളതും
ചുമടു ഭാരം കുറഞ്ഞതുമാണ്.


വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്. അതിലേ കടന്നുപോകുന്നവർ വളരെയാണുതാനും.




ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞതു മാണ്. ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ.




വ്യാജ പ്രവാചകന്മാരെ
സൂക്ഷിച്ചു
കൊള്ളുവിൻ.


ആട്ടിൻതോൽ ധരിച്ച
ചെന്നായ്ക്കളാണവർ.
ഫലത്തിൽനിന്നു മര
ത്തെ മനസ്സിലാക്കാം.


മുൾച്ചെടിയിൽനിന്നു മുന്തിരിപ്പഴം പറിക്കാനാവുമോ?


നല്ല വൃക്ഷത്തിനു ചീത്ത ഫലമോ, ചീത്ത വൃക്ഷത്തിനു നല്ല പഴമോ പുറപ്പെടുവിക്കാനാവില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും.


ഗുരോ. സന്ധ്യയാവാറായി. ആളുകളെ പറഞ്ഞയക്കുക. ഇതൊരു വിജനപ്രദേശമാണ്. എല്ലാവർക്കും വിശക്കുന്നുമുണ്ട്.
അവർ വഴിയിൽ തളർന്നു വീണു പോകും. നിങ്ങൾ തന്നെ അവർക്ക് ആഹാരം കൊടുക്കുവിൻ.
ഇരുന്നൂറു ദനാറയ്ക്കു അപ്പം വാങ്ങിയാലും ഇവർക്കെല്ലാം ഒരു കഷണം വീതം കൊടുക്കാൻ മതിയാവില്ല.


നിങ്ങളുടെ കയ്യിൽ
എന്തുണ്ട്?
ആകെ അഞ്ചപ്പവും
രണ്ടു മീനും മാത്രം.


അതിവിടെ
കൊണ്ടുവരൂ.
ആളുകളോടു പന്തി
കളിലായി
ഇരിക്കാൻ
പറയൂ.


ഞങ്ങളുടെ ദൈവവും പ്രപഞ്ചത്തിന്റെ നാഥനുമായ പിതാവേ, ഞങ്ങൾക്ക് ആഹാരമായി ഭൂമിയിൽ നിന്ന് അപ്പം പുറപ്പെടുവിക്കുന്ന അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു.
ആമ്മേൻ.


!!!?
വിളമ്പിക്കൊ
ടുക്കുവിൻ.




എത്ര സ്വാദുള്ള അപ്പം!
എവിടെനിന്നു കിട്ടി ഇത്രയേറെ അപ്പവും മീനും? നമ്മൾ ചുരുങ്ങിയത് അയ്യായിരം പേരെ ങ്കിലും ഉണ്ട്.
ഇതു വലിയൊരു അത്ഭുതം തന്നെ. സംശയമില്ല.


മിച്ചംവന്ന അപ്പവും വീണ്ടും
ശേഖരിക്കുവിൻ. ഒന്നും
നഷ്ടപ്പെടുത്തരുത്.


ജനങ്ങൾക്കിടയിൽ.
നമ്മൾ പ്രതീക്ഷിച്ചിരുന്ന രക്ഷകനാണ് യേശു എന്നതിൽ സംശയമില്ല.
മോശ മന്ന നൽകിയശേഷം ഇപ്പോൾ മരുഭൂമിയിൽ അപ്പം!
വരുവിൻ നമുക്ക് അവനെ രാജാവായി പ്രഖ്യാപിക്കാം.


കാട്ടുതീ പോലെ ജനങ്ങൾക്കിടയിൽ ഈ ആശയം വളർന്നു.
നമ്മൾ കാത്തിരുന്ന രാജാവ് യേശുവാണ്. സംശയമില്ല.
ഇതിനേക്കാൾ വലിയൊരു അടയാളം കിട്ടാനില്ല.
യേശു രാജൻ വാഴട്ടെ.


ജനം തന്നെ രാജാവാകാൻ വരുന്നു എന്നറിഞ്ഞ് യേശു ശിഷ്യനോട്.
വേഗം കഫർണാമിലേക്കു പോകുവിൻ. ഒരു നിമിഷം ഇനി ഇവിടെ നിൽക്കരുത്.


യേശു തനിയെ
മലമുകളിലേക്ക്
പോയി
പ്രാർത്ഥിച്ചു.


കാറ്റു പ്രതികൂലമായിരുന്നതിനാൽ ശിഷ്യന്മാർക്ക് അധികം മുന്നോട്ടു പോകാൻ കഴിഞ്ഞില്ല.
നല്ലൊരവസരം ഗുരു പാഴാക്കി. വാസ്തവത്തിൽ വിമോചന സമരത്തിനുള്ള തുടക്കം കുറിക്കാൻ ഇതിനേക്കാൾ നല്ല അവസരം കിട്ടാനില്ല.
യൂദാസ്, വഴിതെറ്റിയ ചിന്ത വെടിഞ്ഞ് നന്നായി തുഴയാൻ ശ്രമിക്കുക.
എത്ര ആഞ്ഞു വലിച്ചിട്ടും വഞ്ചി പുറകോട്ടു പോകുന്നതുപോലെ. എന്തൊരു ഭീകര രാത്രിയാണിത്.


പുറകോട്ടോ മുൻപോട്ടോ പോയാലും താഴോട്ടു പോകാതിരുന്നാൽ മതിയായിരുന്നു. ഇതാ, തോണിയിൽ വെള്ളം നിറയുകയാണ്.
ഗുരുനാഥൻ എന്തിനാ നമ്മെ തനിച്ച് ഈ രാത്രിയിൽ കോളു നിറഞ്ഞ കടലിലേക്കിറക്കി വിട്ടത്?


ഗുരുവിന്റെ ഇന്നത്തെ പ്രവർത്തനങ്ങളെല്ലാം അസാധാരണമായിരിക്കുന്നു.
എന്തെങ്കിലും പ്രത്യേക ലക്ഷ്യം കാണും.


അതാ ഒരു പ്രകാശം, ആൾ രൂപത്തിൽ.
അതിങ്ങോട്ടാണ് വരുന്നത്. എത്രവേഗമാണ് വരുന്നതെന്നു നോക്കൂ!
അയ്യോ ഭൂതം! നമ്മൾ നശിച്ചു.


ഭയപ്പെടേണ്ട,
ഞാനാണ്.
ഗുരോ, അങ്ങാണെ
ങ്കിൽ ഞാൻ അങ്ങയു
ടെ അടുക്കലേക്കു
വരാൻ കൽപ്പിക്കുക.
വരൂ!
!!!?


പത്രോസ് കടലിനുമീതെ യേശുവിന്റെ അടുക്കലേക്കു നടന്നു.
!
?!!!


കാറ്റ് ആഞ്ഞടിക്കുന്നതു കണ്ടു പത്രോസ് ഭയന്നു.
കർത്താവേ, രക്ഷിക്കണേ...
!!!?
അല്പവിശ്വാസീ, നീ എന്തിനു സംശയിച്ചു?


അവൻ തോണിയിൽ
കയറിയപ്പോൾ കാറ്റു ശ്രമിച്ചു.


പെട്ടെന്നു തോണി
കഫർണാമിലെത്തി.


ഇന്നലെ ഞങ്ങൾ അങ്ങയെ എവിടെയെല്ലാം തിരഞ്ഞു?
!!
അടയാളം കണ്ടു വിശ്വസിച്ചതുകൊണ്ടല്ല, വയറു നിറയെ അപ്പം കിട്ടാൻ വേണ്ടിയല്ലേ നിങ്ങളെന്നെ അന്വേഷിക്കുന്നത്?


നശ്വരമായ അപ്പത്തിനു വേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനു വേണ്ടി അധ്വാനിക്കുവിൻ.
അതിനു  ഞങ്ങൾ എന്തു ചെയ്യണം?


ദൈവം അയച്ചവനിൽ വിശ്വസിക്കുവിൻ?
ഞങ്ങൾ നിന്നിൽ വിശ്വസിക്കേണ്ടതിനു നീ എന്തടയാളമാണ് തരുന്നത്?
മോശ മരുഭൂമിയിൽ വച്ചു സ്വർഗ്ഗത്തിൽനിന്ന് അപ്പം നൽകിയല്ലോ.


സ്വർഗ്ഗത്തിൽ നിന്ന് അപ്പം തരുന്നത്. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പം ലോകത്തിനു ജീവൻ നൽകുന്നതാണ്.


ഞാനാണു ജീവന്റെ അപ്പം. എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല.
ഇവൻ ജോസഫിന്റെ മകനല്ലേ?


ഇവനെന്താണീ പറയുന്നത്?
എനിക്കാണെങ്കിൽ വിശന്നു കുടൽ കത്തുന്നു.


നിങ്ങൾ പിറുപിറുക്കേണ്ട. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്.
!?
ഇതു ഭ്രാന്താണ്. തന്റെ ശരീരം ഭക്ഷണമായി ത്തരാൻ ഇവന് എങ്ങനെ കഴിയും?


എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും.


എന്നെ അയച്ച
പിതാവു മൂലം ഞാൻ
ജീവിക്കുന്നതു പോലെ
എന്നെ ഭക്ഷിക്കുന്ന
വൻ ഞാൻ മൂലം
ജീവിക്കും.



ഇത് മുഴുവൻ ഭ്രാന്താണ്. എന്തിനിനി ഇവന്റെ വാക്കു കേൾക്കണം?
!!?
വരുവിൻ, നമുക്കു പോകാം. മനുഷ്യന്റെ ഇറച്ചി തിന്നാനും ചോര കുടിക്കാനും നമുക്കാവില്ല.
സുബോധം നഷ്ട പ്പെട്ടവന്റെ പിറകേ പോയിട്ടെന്ത് കാര്യം!


ജനങ്ങൾ യേശുവിനെ ഉപേക്ഷിച്ചു പോയി. ശിഷ്യന്മാരായിരുന്ന പലർക്കും ഇടർച്ചയുണ്ടായി.
ആത്മാവാണു ജീവൻ നൽകുന്നത്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്. എന്നാൽ നിങ്ങളിൽ ചിലർ വിശ്വസിക്കുന്നില്ല.
!!!?


ശിഷ്യന്മാരിൽ പലരും യേശുവിനു വിട്ടുപോയി, അപ്പോൾ തന്റെ അപ്പസ്തോലന്മാരോട്:
നിങ്ങൾക്കും പോകാൻ ആഗ്രഹമുണ്ടോ?
!!!
കർത്താവേ ഞങ്ങൾ ആരുടെയടുത്തേക്ക് പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്.


യേശു അപ്പസ്തോലന്മാരെയും കൂട്ടി കേസറിയാ ഫിലിപ്പി പ്രദേശത്തേക്കു പോയി.
എത്ര പെട്ടെന്നാണ് ആളുകളുടെ നിറം മാറുന്നത്. ഇന്നലെ രാജാവാക്കാൻ നോക്കിയവർ ഇന്നു തള്ളിപ്പറയുന്നു.
ഇതെവിടെ ചെന്നവസാനിക്കുമെന്ന് കണ്ടറിയണം.
നമ്മൾ പ്രവർത്തിച്ച അത്ഭുതങ്ങൾ ഇത്രവേഗം മറന്നോ?


മറന്നിട്ടല്ല. ജനത്തിന്റെ വിശ്വാസം ഇത്രയേ ഉള്ളല്ലോ എന്നു വിചാരിക്കുകയായിരുന്നു.
ചില കഫർനാംകാർ മാത്രമല്ലേ എതിർത്തത്. ആകെ നാലോ അഞ്ചോ പേർ.
ഗുരു ഇന്നു ചിന്താധീനനായിരിക്കുകയാണ്. എങ്ങോട്ടാണാവോ ഇപ്പോൾ നയിക്കുന്നത്.


ഇപ്പോൾ ഗലീലിക്കും പുറത്തു വടക്കോട്ടാണ്. നാളെ എങ്ങോട്ട് എന്നറിയില്ല.
എങ്ങോട്ട് നയിച്ചാലും കൂടെ പോകാൻ തീരുമാനിച്ചവരല്ലേ നമ്മൾ?


പലപ്പോഴും ചെയ്തിരുന്നതു പോലെ അന്നു രാത്രിയും അവർ ഒരു മരച്ചുവീട്ടിൽ വിശ്രമിച്ചു.
ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?
ചിലർ പറയുന്നു സ്നാപകൻ ഉയർത്തെഴുന്നേറ്റതാണെന്ന്.
ചിലരുടെ അഭിപ്രായം അങ്ങ് എലിയാ ആണെന്നാണ്.
ഒരു പ്രവാചകനാണെന്നതിൽ ആർക്കും സംശയമില്ല.


എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?


പത്രോസ് മറുപടി പറഞ്ഞു.
നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്.
!!!!


ശിമയോനേ, നീ ഭാഗ്യവാൻ. മാനുഷിക ബുദ്ധിയല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണു നിനക്കിതു വെളിപ്പെടുത്തിയത്.


നീ പാറ (പത്രോസാണ്). ഈ പാറമേൽ ഞാൻ എന്റെ സഭ സ്ഥാപിക്കും. തിന്മയുടെ ശക്തി അതിനെതിരെ വിജയിക്കുകയില്ല. സ്വർഗത്തിന്റെ താക്കോലുകൾ നിങ്ങൾക്ക് ഞാൻ തരും.
!


ശിമയോൻ പറഞ്ഞതു സത്യമാണ്. എന്നാൽ ഇതു പരസ്യപ്പെടുത്താൻ സമയമായിട്ടില്ല. നമുക്ക് ജറുസലേമിലേക്കു പോകേണ്ടിയിരിക്കുന്നു.


അവിടെവച്ചു നേതാക്കൾ എന്നെ പീഡിപ്പിക്കുകയും വധിക്കുകയും ചെയ്യും.എന്നാൽ മൂന്നാം ദിവസം ഞാൻ ഉയിർത്തെഴുന്നേൽക്കും.
?!!
ഗുരോ, ഇതൊരിക്കലും സംഭവിക്കാതിരിക്കട്ടെ. ഇതു വാസ്തവമെങ്കിൽ അങ്ങ് ജറുസലേമിലേക്കു പോകരുത്.
!


സാത്താനേ, വഴിമാറൂ ശിമയോൻ. ഈ ചിന്ത ദൈവികമല്ല, മാനുഷികമാണ്. സാത്താനാണു നിന്നിലൂടെ സംസാരിച്ചത്.
!!!?


ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.

അവർ ജറുസലേമിനെ ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു. ആറു ദിവസങ്ങൾക്കു ശേഷം പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് യേശു ഒരു ഉയർന്ന മലയിലേക്കു പ്രാർത്ഥിക്കാൻ പോയി.



# യേശു രാത്രി മുഴുവൻ പ്രാർഥനയിൽ ചിലവഴിച്ചു.




പെട്ടെന്ന്.
നോക്കൂ!

യേശു അവരുടെ മുമ്പിൽ രൂപാന്തരപ്പെട്ടു. അവനോടൊപ്പം മോശയും ഏലിയായും മഹത്വത്തിൽ പ്രത്യക്ഷപ്പെട്ടു.




പെട്ടെന്ന് മേഘങ്ങൾ അവരെ ആവരണം ചെയ്തു.
ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവന്റെ വാക്കു കേൾക്കുവിൻ.
!!!

മഹത്വത്തിന്റെ
മലയിൽ  കൂടാരമടിക്കാൻ
ശ്രമിക്കുന്ന പത്രോസും
കൂട്ടരും കുരിശിന്റെ
ആവശ്യകത
മനസ്സിലാക്കുകയും
കുരിശിന്റെ വഴിയിൽ
യേശുവിനെ
അനുഗമിക്കാൻ
പഠിക്കുകയും
ചെയ്യേണ്ടിയിരിക്കുന്നു.

അടുത്ത ചിത്രകഥ

മനുഷ്യപുത്രൻ

# ചോദ്യങ്ങൾ

1. യേശുവിന്റെയും ബറാബ്ബാസിന്റെയും  വഴികൾ തമ്മിലുള്ള വ്യത്യാസമെന്ത്?
2. സമ്പത്തിനെക്കുറിച്ചു  യേശു നൽകിയ പഠനവും യൂദാസിന്റെ വിശദീകരണവും തമ്മിൽ താരതമ്യം ചെയ്യുക.
3. യേശു ആരെന്നാണ് ജനം കരുതിയത്?
4. ശിഷ്യന്മാരോട് എന്തിന്റെ പേരിൽ സന്തോഷിക്കണം എന്നാണ് യേശു ആവശ്യപ്പെട്ടത്?
5. ജനക്കൂട്ടത്തെ പറഞ്ഞയക്കാൻ ആവശ്യപ്പെട്ട ശിഷ്യരോട് യേശു എന്ത് പറഞ്ഞു?
6. പത്രോസ് കടലിൽ താഴാൻ  കാരണമെന്ത്?
7. ജനങ്ങൾ യേശുവിനെ വിട്ടുപേക്ഷിച്ചത്  എന്തുകൊണ്ട്?
8. യേശു ദൈവപുത്രനാണെന്ന്  ആരാണ് ശിഷ്യന്മാർക്ക് വെളിപ്പെടുത്തിയത്?
9. പത്രോസ് എന്ന പേരിന്റെ അർത്ഥമെന്ത്?
10. രപാന്തരീകരണ സമയത്ത് മോശയും ഏലിയായും പ്രത്യക്ഷപ്പെട്ടത് എന്തിനുവേണ്ടി?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും